'ഭരണഭാഷ - മാതൃഭാഷ'
പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം
നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം-695 033
ഫോൺ: 0471-2304594, 0471--2303229. ഫാക്സ്: 0471-2302990.
ഇ-മെയിൽ: keralatribes@gmail.com

നമ്പർ. **E/E1/5079/2023/STDD(1)** തീയതി: **05/04/2023**

## നോട്ടീസ്

വിഷയം:- പട്ടികവർഗ്ഗ വികസന വകുപ്പ് - ജീവനക്കാര്യം - 2023 ലെ പൊതു സ്ഥലംമാറ്റം അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ജി.ഒ.(പി.)3/2017/ഉഭപവ തീയതി 25.02.2017

പട്ടികവർഗ്ഗ വികസന വകുപ്പിലെ പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ ഒഴികെയുള്ള വിവിധ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്നവരിൽ നിന്നും 2023-ലെ പൊതു സ്ഥലംമാറ്റത്തിന് സൂചനയിലെ മാനദണ്ഡങ്ങൾക്ക് വിധേയമായും, ചുവടെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കു വിധേയമായും അപേക്ഷ ക്ഷണിക്കുന്നു.

1. സ്ഥലംമാറ്റ അപേക്ഷ നൽകുന്ന ജീവനക്കാർ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള നിശ്ചിത പ്രൊഫോർമയിൽ മാത്രം അപേക്ഷകൾ ആഫീസ് മേലധികാരികൾ മുഖേന അതാത് പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്.
2. പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ സ്ഥലംമാറ്റ അപേക്ഷ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ജില്ലയിൽ ജോലി നോക്കുന്ന എല്ലാ ജീവനക്കാരുടേയും ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
3. സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർമാർ മുഖേന മാത്രം സമർപ്പിക്കേണ്ടതാണ്. അപേക്ഷയുടെ മുൻകൂർ പകർപ്പ് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് നേരിട്ട് സമർപ്പിക്കാൻ പാടില്ലാത്തതും അപേക്ഷകൾ ഉചിതമാർഗ്ഗേണ മാത്രം സമർപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഇതിനു വിരുദ്ധമായി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.
4. പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ തങ്ങളുടെ ആഫീസിൽ ലഭിക്കുന്ന അപേക്ഷകൾ തസ്തിക തിരിച്ച് സൂക്ഷ്മ പരിശോധന നടത്തി വ്യക്തമായ ശുപാർശ സഹിതം ഈ ആഫീസിൽ നിന്നും നിർദ്ദേശിച്ചിട്ടുള്ള സമയക്രമം കർശനമായി പാലിച്ച് ലഭ്യമാക്കേണ്ടതാണ്.
5. അപേക്ഷകർ തങ്ങൾക്ക് സ്ഥലമാറ്റം ലഭിക്കുതിന് മാനദണ്ഡങ്ങളിൽ നിശ്ചയിച്ചിട്ടുള്ള പ്രത്യേക പരിഗണന ആവശ്യപ്പെടുകയാണെങ്കിൽ ആയത് സാധൂകരിക്കുന്നതിനുള്ള ആവശ്യമായ രേഖകൾ ആഫീസ് മേലധികാരി സാക്ഷ്യപ്പെടുത്തിയിട്ടുള്ള പകർപ്പുകൾ അപേക്ഷയോടൊപ്പം ഉള്ളടക്കംചെയ്യേണ്ടതാണ്. പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടില്ലാത്ത അപേക്ഷകൾക്ക് മാനദണ്ഡ പ്രകാരമുള്ള മുൻഗണന ലഭിക്കുന്നതല്ല.
6. അപേക്ഷയിലെ എല്ലാ കോളങ്ങളും നിർബ്ബന്ധമായും പൂരിപ്പിക്കേണ്ടതാണ്. അപൂർണ്ണമായ അപേക്ഷകൾ നിരസിക്കുന്നതാണ്.
7. ഒരു ജീവനക്കാരൻ മൂന്ന് സ്റ്റേഷനുകൾ മാത്രമേ ഓപ്റ്റ് ചെയ്യുവാൻ പാടുള്ളൂ.
8. ഡെപ്യൂട്ടേഷനിൽ തുടരുന്നവർ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷിക്കേണ്ടതില്ല.
9. ഡെപ്യൂട്ടേഷൻ കഴിഞ്ഞ് തിരികെ സേവനത്തിൽ പ്രവേശിച്ച ജീവനക്കാരുടെ ഡെപ്യൂട്ടേഷനു മുമ്പ് ജില്ലയ്ക്ക് പുറത്ത് സേവനമനുഷ്ഠിച്ച കാലയളവ് സ്റ്റേഷൻ സീനിയോറിറ്റിയായി കണക്കാക്കുതല്ല. ഡെപ്യൂട്ടേഷൻ കഴിഞ്ഞ് തിരികെ സേവനത്തിൽ പ്രവേശിച്ച തീയതി മുതൽ മാത്രമേ സ്റ്റേഷൻ സീനിയോറിറ്റി ലഭിക്കുകയുള്ളൂ.
10. സ്ഥലംമാറ്റ അപേക്ഷകൾ പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ നൽകേണ്ട അവസാന തീയതി **22.04.2023** ആണ്. പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ അപേക്ഷ ക്രോഡീകരിച്ച് വ്യക്തമായ ശുപാർശ സഹിതം ഈ ആഫീസിൽ സമർപ്പിക്കുമ്പോൾ പ്രസ്തുത ***അപേക്ഷയിലെ വിവരങ്ങൾ തസ്തിക തിരിച്ച് ലിസ്റ്റ് തയ്യാറാക്കി (സ്ഥലംമാറ്റത്തിന് അപേക്ഷിച്ച 3 ചോയിസ് ഉൾപ്പെടെ) എം.എസ്. എക്സെൽ ഫോർമാറ്റിൽ ഇംഗ്ലീഷിൽ*** തയ്യാറാക്കി **05.05.2023-ാം തീയതി 5** മണിക്കുള്ളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് മുൻപാകെ

സമർപ്പിക്കേണ്ടതാണ്. കൂടാതെ സൂചനയിലെ പൊതുസ്ഥലം മാറ്റത്തിനുള്ള ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് വിധേയമായാണ് പ്രസ്തുത ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന സാക്ഷ്യപത്രവും പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ ലിസ്റ്റിനോടൊപ്പം ഹാജരാക്കേണ്ടതാണ്. ഇതോടൊപ്പം താഴെ പറയുന്ന വിവരങ്ങൾ കൂടി സമർപ്പിക്കേണ്ടതാണ്.

i. ഒരു ആഫീസിൽ തുടർച്ചയായി 3 വർഷമോ അതിലധികമോ ജോലി ചെയ്ത എല്ലാ തസ്തികയിലേയും ജീവനക്കാരുടെ പേരുവിവരം. (തസ്തിക തിരിച്ച്)
ii. 31.05.2024 വരെ സേവനത്തിൽ നിന്നും വിരമിക്കുവരുടെ പേര്, തസ്തിക, ഓഫീസ്, വിരമിക്കൽ തീയതി എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ കാണിക്കുന്ന സ്റ്റേറ്റ്മെന്റ് (തസ്തിക തിരിച്ച്)

പൊതു സ്ഥലംമാറ്റത്തിന്റെ നടപടിക്രമങ്ങൾ സംബന്ധിച്ച സമയവിവര പട്ടിക, നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷാഫോറം എന്നിവ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

പട്ടികവർഗ വികസന വകുപ്പിലെ എല്ലാ ജീവനക്കാരും മേൽ വിവരങ്ങൾ അറിഞ്ഞുവെന്ന് സംയോജിത പട്ടികവർഗ വികസന പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതും പൊതു സ്ഥലംമാറ്റം സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ **www.stdd.kerala.gov.in** വെബ്സൈറ്റിൽ ലഭ്യമാണ്.

ഡയറക്ടർ

1. എല്ലാ പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർമാർക്കും,
2. എല്ലാ മോഡൽ സ്കൂൾ സീനിയർ സൂപ്രണ്ട്മാർക്കും ( പി.ഒ/റ്റി.ഡി.ഒ മുഖേന)
3. കരുതൽ ഫയൽ/അധികം

E/E1/5079/2023/STDD

# പട്ടികവർഗ്ഗ വികസന വകുപ്പ്
## *പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷ*

*(അപേക്ഷയിലെ എല്ലാ കോളങ്ങളും പൂരിപ്പിക്കേണ്ടതാണ്. അപൂർണ്ണമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല)*

(ജി.ഒ.(പി.)3/2017/ഉഭപവ തീയതി 25.02.2017)

| | | |
|---|---|---|
| 1 | അപേക്ഷകന്റെ പേര്. | |
| 2 | പെൻ നമ്പർ: | |
| 3 | ഉദ്യോഗപ്പേര്. | |
| 4 | ഓഫീസ് മേൽ വിലാസം. | |
| 5 | ജനന തീയതി. | |
| 6 | ഇപ്പോഴത്തെ ഓഫീസിൽ ജോലിയിൽ പ്രവേശിച്ച തീയതി. (ഉദ്യോഗക്കയറ്റം/നിയമന ഉത്തരവ് നമ്പർ തീയതി) | |
| 7 | ഇപ്പോഴത്തെ ഓഫീസിൽ ജോലിയിൽ പ്രവേശിക്കുന്നതിനു തൊട്ടു മുമ്പ് സ്വന്തം ജില്ലയ്ക്ക് പുറത്ത് ഇതേ തസ്തികയിൽ ജോലി ചെയ്ത കാലയളവും, സ്റ്റേഷനും. | |
| 8 | അപേക്ഷ പ്രത്യേക പരിഗണനയ്ക്ക് വിധേയമാണോ ? വിധേയമാണെങ്കിൽ നിയതരേഖ ഹാജരാക്കേണ്ടതും, ജി.ഒ.(പി.)3/2017/ഉഭപവ തീയതി 25.02.2017, അനുബന്ധ പ്രകാരമുള്ള മുൻഗണനാക്രമം രേഖപ്പെടുത്തേണ്ടതുമാണ്. | |
| 9 | സ്ഥിര മേൽ വിലാസം. | |
| 10 | സ്ഥലംമാറ്റം ലഭിക്കുവാൻ ആഗ്രഹിക്കുന്ന സ്റ്റേഷനുകൾ (ജില്ലയുടെ പേര് ഉൾപ്പെടെ) ഒരു അപേക്ഷകൻ പരമാവധി 3 സ്റ്റേഷനുകൾ മാത്രമേ ഓപ്റ്റ് ചെയ്യാൻ പാടുള്ളൂ. | 1.<br>2.<br>3. |

മുകളിൽ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങൾ സത്യമാണെന്ന് ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.

*സ്ഥലം:*
*തീയതി:*

ഒപ്പ്:
അപേക്ഷകന്റെ പേര്:

മേൽപറഞ്ഞ ജീവനക്കാരൻ/ജീവനക്കാരിയുടെ സേവന പുസ്തകം/ബന്ധപ്പെട്ട് സർവ്വീസ്സ് രേഖകൾ എന്നിവ പരിശോധിച്ച് മേൽ പ്രസ്താവിച്ച വിവരം ശരിയാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

*സ്ഥലം:* *ഉദ്യോഗസ്ഥന്റെ ഒപ്പ്:*
*തീയതി:* *ഉദ്യോഗപ്പേര്:*

ജി.ഒ.(പി.)3/2017/ഉഭപവ തീയതി 25.02.2017–ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കുവാൻ ശുപാർശ ചെയ്യുന്നു/താഴെപ്പറയുന്ന കാരണത്താൽ അപേക്ഷ നിരസിക്കാവുന്നതാണ്.

*സ്ഥലം:* *പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ*
*തീയതി:* *ഓഫീസ്:*

E/E1/5079/2023/STDD

# ഓഫീസ് ഉപയോഗത്തിന് മാത്രം

| | | |
|---|---|---|
| 1. | അപേക്ഷകന്റെ പേര് | |
| 2. | ഉദ്യോഗപ്പേര് | |
| 3. | സ്വന്തം ജില്ലയ്ക്ക് പുറത്ത് എത്ര കാലമായി ജോലി ചെയ്യുന്നു. | |

ഒപ്പ്:
സെക്ഷൻ ക്ലാർക്ക്:

ഒപ്പ്:
ഹെഡ് ക്ലർക്ക്/ജൂനിയർ സൂപ്രണ്ട്/
ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ:

ഒപ്പ്:
*സീനിയർ സൂപ്രണ്ട്/അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ/*
*അസിസ്റ്റന്റ് ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ:*

*അപേക്ഷ അംഗീകരിച്ചു/നിരസിച്ചു*

*സ്ഥലം:*
*തീയതി:*

*പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ*
*ഓഫീസ്:*

E/E1/5079/2023/STDD

## പട്ടികവർഗ്ഗ വികസന 2023 വകുപ്പിലെ പൊതു സ്ഥലം മാറ്റം സംബന്ധിച്ച സമയവിവര പട്ടിക

| | |
|---|---|
| 1. പ്രോജക്ട് ഓഫീസ്/ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസിൽ അപക്ഷ സമർപ്പിക്കേണ്ട അവസാന തീയതി: | **22.04.2023** |
| 2. പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ അപേക്ഷ ലഭിക്കേണ്ട അവസാന തീയതി: | **05.05.2023** |
| 3. അപേക്ഷയുടെ കരട് ലിസ്റ്റ് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ പ്രസിദ്ധീകരിക്കേണ്ട തീയതി: | **10.05.2023** |
| 4. അക്ഷേപങ്ങൾ സമർപ്പിക്കേണ്ട അവസാന തീയതി: | **17.05.2023** |
| 5. അർഹരായവരുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ട തീയതി: | **25.05.2023** |